# സമാന്തര അൽമായ സിനഡ്

Press Release

**രണ്ടാം ദിവസം:** 29.08.2024

**സിറോ മലബാർ സഭയുടെ പ്രഥമ അൽമായ സിനഡ് രണ്ടാം ദിവസത്തെ യോഗം 2024 ഓഗസ്റ്റ് 29 വ്യാഴാഴ്ച വൈകുന്നേരം 8 മണിക്ക് ആരംഭിക്കുകയും പത്തരയ്ക്ക് പ്രാർത്ഥനയോടെ അവസാനിക്കുകയും ചെയ്തു. സീറോ മലബാർ സഭയിലെ വിവിധ രൂപതകളിൽ നിന്നും അൽമായർ പങ്കെടുത്ത യോഗം 'ദൗത്യം മറന്ന സീറോ മലബാർ മെത്രാൻ സിനഡ്" എന്ന വിഷയം ചർച്ച ചെയ്തു.**

**പ്രധാന ചർച്ചകളും തീരുമാനങ്ങളും:**

**മെത്രാൻ സിനഡിന്റെ പ്രഥമ ഉത്തരവാദിത്വം സഭയുടെ ദൈവാരാധനയുടെയും വിശ്വാസത്തിന്റെയും സംരക്ഷണമാണ്, ഈ കാര്യത്തിൽ നിലവിലെ മെത്രാൻ സിനഡ് ഒരു സമ്പൂർണ്ണ പരാജയമാണെന്ന് അൽമായ സിനഡ് വിലയിരുത്തി. സഭയിലെ വിമത പ്രവർത്തനം കേവലം ഒരു രൂപതയുടെ മാത്രം വിഷയമല്ലെന്നും എല്ലാ സഭാംഗങ്ങളും വിഘടനവാദികൾക്കെതിരെ മുന്നോട്ട് വരണമെന്നും യോഗം ആഹ്വാനം ചെയ്തു.**

**രാജ്യത്തിന്റെ ഭരണഘടനയും സഭയുടെ നിയമങ്ങളും അനുസരിച്ച് സീറോ മലബാർ സഭയുടെ ഔദ്യോഗിക വിശുദ്ധ കുർബാന ഓരോ വിശ്വാസികളുടെയും അവകാശമാണെന്നും എറണാകുളം - അങ്കമാലി അതിരൂപതയിലുള്ള വിശ്വാസികൾക്ക് സഭയുടെ വിശുദ്ധ കുർബാനയർപ്പണം ലഭ്യമാക്കുന്ന കാര്യത്തിൽ സിനഡ് പരാജയപ്പെട്ടുവെന്നും അതിരൂപതയിൽ നിന്നുള്ള വിശ്വാസികൾ വിലയിരുത്തി. ഇതുമായി ബന്ധപ്പെട്ട് മേജർ ആർച്ച് ബിഷപ്പിനെ സമീപിച്ചപ്പോൾ അദ്ദേഹം എല്ലാം ശരിയാക്കാമെന്ന് പറഞ്ഞുവിട്ടെങ്കിലും ഒന്നും ചെയ്തില്ലെന്ന് കത്തീഡ്രൽ ബസിലിക്ക ഇടവകാംഗങ്ങൾ യോഗത്തെ അറിയിച്ചു. സ്ഥാനമേറ്റെടുത്തതിന് ശേഷം തന്റെ ആസ്ഥാന ദേവാലയമായ കത്തീഡ്രൽ ബസിലിക്കയിൽ ഒരു വിശുദ്ധ കുർബാന പോലും അർപ്പിക്കാതെ ഒളിച്ചോടുന്ന അദ്ദേഹത്തിന്റെ ഭീരുത്വത്തെ അൽമായ സിനഡ് അപലപിച്ചു.**

'കഴിഞ്ഞ സീറോ മലബാർ സഭാ മേജർ ആർച്ച് ബിഷപ്പിന്റെ തിരഞ്ഞെടുപ്പ് പരിശുദ്ധാത്മ പ്രേരിതമായിരുന്നോ' എന്ന സംശയം സമീപകാല സംഭവങ്ങളുടെ പശ്ചാത്തലത്തിൽ യോഗാംഗങ്ങളിൽ പ്രകടിപ്പിച്ചു. മേജർ ആർച്ച് ബിഷപ്പ് സ്ഥാനത്തേയ്ക്ക് ആദ്യറൗണ്ടിൽ തിരഞ്ഞെടുക്കപ്പെട്ട വ്യക്തി ദൈവനിയോഗിതമായ ആ സ്ഥാനം സ്വീകരിക്കാതെ പിന്മാറിയത് പരിശുദ്ധാത്മാവിനെതിരെ ചെയ്ത പാപമാണെന്നും, നിലവിലെ സഭയെ നയിക്കുന്ന പിതാക്കന്മാരിൽ പലർക്കും ദൈവീകമായ സപ്ത സത്ഗുണങ്ങളുടെ അഭാവമുണ്ടെന്നും യോഗം വിലയിരുത്തി. ആത്മീയതയ്ക്കും നിരന്തര പ്രാർത്ഥനാ ജീവിതത്തിനും എളിമയ്ക്കുംമൊന്നും പ്രാധാന്യം നൽകാതെ ഭൗതികതയുടെ പുറകെ പോകുന്ന മേൽപ്പട്ടക്കാർ ഒത്തുചേരുന്നതിന് മദ്ധ്യേ എങ്ങനെ പരിശുദ്ധാത്മ ആവാസം ഉണ്ടാകുമെന്നും സിനഡിൽ ചോദ്യമുയർന്നു.

പരിശുദ്ധ സിംഹാസനം നിർദ്ദേശിച്ച കാര്യങ്ങളിൽ ശക്തമായ നിലപാടുകളും, പ്രവർത്തനങ്ങളും നടത്താതെ പകരം പരിശുദ്ധ കുർബാനയെയും, പരിശുദ്ധ സ്ലീവായേയും പോലും അപമാനിക്കാൻമടിക്കാത്ത പാഷണ്ഡികരും, ശീശ്മക്കാരുമായ വിമതരെ ഒപ്പം കൂട്ടാൻ ശ്രമിക്കുന്ന നിലവിലെ മേജർ ആർച്ച് ബിഷപ്പായിരിക്കുന്ന വ്യക്തി, തിരഞ്ഞെടുപ്പ് സമയത്ത് തന്നെ തന്റെ അയോഗ്യതകൾ സ്വയം തിരിച്ചറിഞ്ഞ് സ്വമനസ്സാൽ മേജർ ആർച്ച് ബിഷപ്പ് സ്ഥാനത്ത് നിന്നും പിന്തിരിയേണ്ടതായിരുന്നുവെന്നും അഭിപ്രായമുയർന്നു. പാപിയെ പാപത്തോടെ സ്വീകരിക്കുന്നത് ക്രിസ്തീയതയല്ല എന്ന് മെത്രാൻ സിനഡ് അനുസ്മരിക്കേണ്ടതാണ്. കൂടാതെ വ്യക്തിജീവിതം വച്ച് ബ്ലാക്ക് മെയിൽ ചെയ്യപ്പെടാവുന്ന വ്യക്തികൾ തിരുസഭയുടെ അതിപ്രധാന ശുശ്രൂഷകളിലേക്ക് വന്നാൽ ഒരിക്കലും സ്വതന്ത്രമായി പ്രവർത്തിക്കാൻ കഴിയില്ലെന്നും സിനഡ് വിലയിരുത്തി.

സിനഡ് ചില രാഷ്ട്രീയപാർട്ടികളുടെ സെക്രട്ടറിയേറ്റ് പോലെ വെറും പ്രഹസനമായി മാറിക്കൊണ്ടിരിക്കുകയാണെന്നും സിനഡിലെ ദൈവത്തെ അനുഭവിക്കുന്ന ചുരുക്കം ചില പിതാക്കന്മാർക്ക് പോലും തെറ്റിനെ തിരിച്ചറിയാൻ സാധിക്കുന്നില്ലെന്നും അഭിപ്രായമുയർന്നു.

കർദിനാൾ ജോർജ് ആലഞ്ചേരിയുമായി ബന്ധപ്പെട്ട വ്യാജരേഖാ കേസിൽ പോലീസ് പ്രതികളുടെ മാത്രം Email വിവരങ്ങൾ ശേഖരിച്ചിട്ടുള്ളൂ. പ്രതികളുമായി ബന്ധപ്പെട്ട പലരുടേയും ഇടയിൽ നടന്നിട്ടുള്ള ഈ മെയിൽ കമ്മ്യൂണിക്കേഷനുകൾ പോലീസ് പരിശോദിക്കാതെ, പ്രതികളുമായി ബന്ധപ്പെട്ട പലരേയും കേസിൽ നിന്ന് ഒഴിവാക്കി രക്ഷപെടുത്തിയതായി സഭയിലെ അൽമായ നേതാവ് സിനഡിൽ അറിയിച്ചു. വ്യാജരേഖാ കേസിൽ അന്വേഷണം ആവശ്യപ്പെട്ട മാർ ജോർജ് ആലഞ്ചേരി പിതാവിനെ പിന്തുണച്ച് ഒരു മെത്രാൻ പോലും രംഗത്ത് വരാതിരുന്നതിനെ യോഗം ശക്തമായി അപലപിച്ചു. വ്യാജരേഖാ കേസിൽ പുനരന്വേഷണം ആവശ്യപ്പെട്ടുകൊണ്ട് നിയമപരമായി നീങ്ങാനാണ് തീരുമാനിച്ചിരിക്കുന്നത്.

ഏകീകൃത കുർബാനയടക്കമുള്ള വിഷയങ്ങളിൽ പൊതുസമൂഹത്തിൽ കൂടുതൽ പ്രചരണങ്ങൾ വേണമെന്ന് യോഗത്തിൽ ആവശ്യമുയർന്നു. അതിനായി

സംഘടനാപരമായി മുന്നോട്ടുപോകേണ്ടതിനെ കുറിച്ചും, വിവിധ സംഘടനകൾ തമ്മിൽ യോജിച്ച് പ്രവർത്തിക്കേണ്ട ആവശ്യകതയെ കുറിച്ചും യോഗത്തിൽ ചർച്ചയായി.

'നസ്രത്തിൽ നിന്നും നന്മ പ്രതീക്ഷിക്കേണ്ട' എന്ന ബൈബിൾ വാക്യം ഉദ്ധരിച്ചുകൊണ്ട് യോഗാംഗങ്ങൾ ഒന്നടങ്കം, നിലവിൽ നടന്നുവരുന്ന മെത്രാൻ സിനഡിൽ നിന്നും യാതൊരു നന്മയും പ്രതീക്ഷിക്കേണ്ടതില്ലെന്ന നിഗമനത്തിലെത്തി. ആഴ്ച്ചയിൽ ഒരു ഏകീകൃത കുർബാനയെന്ന ധാരണവഴി, മാർപാപ്പയുടെ കൽപ്പന അട്ടിമറിക്കപ്പെട്ടതായും അതിനാൽ എല്ലാ മെത്രാന്മാരും ശിക്ഷയിൽ അകപ്പെട്ടതായും, കൂടാതെ ഇവരുടെ നിഷ്ക്രീയത്വം മെത്രാന്മാർ വിശ്വാസികളെ രണ്ട് തട്ടിലാക്കിയതായും അഭിപ്രായമുയർന്നു.

ഭാവിയിൽ അൽമായ വിശ്വാസികൾ സഭയുടെ എല്ലാ മേഖലയിലും കൈകടത്തി സഭയെ നേർവഴിലാക്കണമെന്നും, തെറ്റിദ്ധരിക്കപ്പെട്ട വിശ്വാസികളെ യാഥാർത്ഥ്യം ബോധ്യപ്പെടുത്തണമെന്നും യോഗം തീരുമാനിച്ചു.

തിരുസഭയോടൊപ്പം നിൽക്കുന്ന വൈദികർ ധൈര്യമായി മുന്നോട്ട് വരണമെന്ന് അൽമായ സിനഡ് ആവശ്യപ്പെട്ടു. അവർക്കുവേണ്ട എല്ലാ പിന്തുണയും നൽകുമെന്നും യോഗത്തിൽ പങ്കെടുത്ത അംഗങ്ങൾ വ്യക്തമാക്കി. ഇക്കാര്യത്തിൽ സഭയിൽ ആത്മീയതയ്ക്കും, ആരാധനാക്രമത്തിനും, അച്ചടക്കത്തിനും പ്രാധാന്യം കൊടുത്തുകൊണ്ട് എല്ലാ സഭാനുകൂല സംഘടനകളും ഒരേ പ്ലാറ്റ്ഫോമിൽ വരേണ്ട ആവശ്യകതയും ചൂണ്ടിക്കാട്ടി.

സീറോ മലബാർ മെത്രാൻ സിനഡിൽ വിശ്വാസം നഷ്ടപ്പെട്ട സ്ഥിതിക്ക് സഭയിൽ ഇനി ഏകീകൃത ആരാധനാക്രമം പൂർണ്ണമായി നടപ്പാക്കും വരെ പുതിയെ മെത്രാന്മാരെ വാഴിക്കാൻ മാർപാപ്പ അനുവാദം നൽകരുതെന്ന് യോഗത്തിൽ ആവശ്യമുയർന്നു. ഇക്കാര്യത്തിനായി വത്തിക്കാൻ വൃത്തങ്ങളെ നേരിട്ട് സമീപിക്കാനും യോഗം തീരുമാനിച്ചു. സീറോ മലബാർ മെത്രാൻ സിനഡിൽ തങ്ങൾക്ക് വിശ്വാസമില്ലെന്നും സഭയോടൊപ്പം നിൽക്കുന്ന വിശ്വാസികൾ ആഗ്രഹിക്കുന്ന രീതിയിലുള്ള യാതൊരു തീരുമാനങ്ങളും മെത്രാൻ സിനഡിൽ നിന്നും ഇനി പ്രതീക്ഷിക്കുന്നതിൽ അർത്ഥമില്ലെന്നും യോഗത്തിൽ പങ്കെടുത്ത ബഹുഭൂരിപക്ഷം അംഗങ്ങളും ഒരേ സ്വരത്തിൽ അഭിപ്രായപ്പെട്ടു. ഈ സാഹചര്യത്തിൽ സഭാപരമായി തന്നെ മറ്റുവഴികൾ സ്വീകരിക്കാൻ തത്വത്തിൽ തീരുമാനമായി. ഇതനുസരിച്ച് പരിശുദ്ധ സിംഹാസനത്തെ സമീപിക്കാൻ തീരുമാനിച്ചു.

രണ്ടുദിവസമായി തുടരുന്ന സമാന്തര അൽമായ സിനഡിന്റെ മൂന്നാം ദിവസമായ ഇന്ന് വിവിധ സാമൂഹിക, സാമുദായിക വിഷയങ്ങളിൽ ചർച്ച തുടരും.

Moderator